ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് 22-6-2014-ൽ പ്രത്യേക നിവേദനത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്മീഷനിലെ പോക്സോ കൺസൾട്ടന്റിന് പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മതിയായ യോഗ്യതയും പ്രവൃത്തി പരിചയവുമുണ്ട്. കമ്മീഷനിൽ പ്രവർത്തിക്കുന്ന പോക്സോ കൺസൾട്ടന്റിനുള്ള യോഗ്യതകൾ ചുവടെ പറയുന്നവയാണ്;

സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം, എം.എസ്.ഡബ്ല്യു. എം.ഫിൽ സൈക്യാട്രിക് സോഷ്യൽ വർക്ക് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത്, ബാംഗ്ലൂർ, പി.എച്ച്.ഡി. ഇതുയും പ്രവർത്തന പരിചയമുണ്ട്. അതിനുപുറമേ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മനഃശാസ്ത്ര വിഭാഗത്തിൽ പന്ത്രണ്ട് വർഷത്തെ അദ്ധ്യാപന/ക്ലിനിക്കൽ പരിചയവുമുണ്ട്. മുകളിൽ വിശദമാക്കിയതു പോലെ പോക്സോ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വളരെയധികം കാര്യക്ഷമവും ശക്തവുമായി കമ്മീഷൻ നടത്തിവരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ സ്വതന്ത്രമായി പോകേണ്ട സ്ഥാപനമായതുകൊണ്ടാണ് മന്ത്രി എന്ന നിലയ്ക്ക് ഓരോ വിഷയത്തിലും ഇടപെടാത്തത്. എതെങ്കിലും രീതിയിൽ എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ അതിൽ ഇടപെടുകയും പരിശോധിക്കുകയും ചെയ്യുന്നതാണ്.

(33) ബി.ആർ.ജി. ഫണ്ട്

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയ്ക്ക് വെട്ടിക്കുറച്ച ബി.ആർ.ജി. ഫണ്ട് പുനഃസ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. രാജ്യത്തെ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലകളുടെ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക വികസന ഫണ്ടാണ് ബി.ആർ.ജി. ഫണ്ട്. പാലക്കാട് ജില്ലയിലെ ജനസംഖ്യയിലെ വർദ്ധനവ്, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ എണ്ണം, കാർഷിക വൃത്തികളിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം, പൊതുവെയുള്ള പിന്നോക്കാവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ടാണ് പാലക്കാട് ജില്ലയ്ക്ക് ഫണ്ട് ലഭ്യമായത്. ഈ ഇനത്തിൽ 83 കോടി രൂപ മൂന്നുവർഷം കൊണ്ട് ലഭിക്കുകയുണ്ടായി. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി പദ്ധതി റീഡിഫൈൻ ചെയ്തുകൊണ്ട് മുൻപ് കോർ ഡിസ്ട്രിക്ട് പദവി ഉണ്ടായിരുന്ന പാലക്കാട് ജില്ലയെ പെരിഫെറൽ ഡിസ്ട്രിക്ടായി ക്ലാസിഫൈ ചെയ്തു. പിന്നീട് ഫണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്തു. അതുകൊണ്ട് ജില്ലയ്ക്കുള്ള മുഴുവൻ ഫണ്ടുകളും ഇല്ലാതായി. കേരള സർക്കാർ ഇക്കാര്യം ഗൗരവമായി എടുത്തുകൊണ്ട് കോർ ഡിസ്ട്രിക്ട് പദവിയുള്ള പാലക്കാട് ജില്ലയ്ക്കർഹമായ ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതു പോലെ പിന്നോക്ക മേഖലയ്ക്കുള്ള പ്രത്യേക പദ്ധതിയാണ് Backward Regions Grant Fund (BRGF). പാലക്കാട്, വയനാട് ജില്ലകളെയാണ് കേരളത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. അതിനുവേണ്ടി Annual Action Plan-ന്റെ ഭാഗമായി തന്നെ നിർദ്ദേശങ്ങൾ ഗവൺമെന്റിന് കൊടുക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ കളക്ടർ മുഖേന ഗ്രാന്റ് നൽകി വരികയാണ്. 2013-2014-ൽ പുറപ്പെടുവിച്ച വാർഷിക പതിപ്പ് പ്രകാരമുള്ള തുക കേന്ദ്രം അനുവദിച്ചിരുന്നില്ല. എന്നാൽ 2014-15-ൽ വയനാട്, പാലക്കാട് ജില്ലകൾക്കു വേണ്ടി പദ്ധതി സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം പാലക്കാട് ജില്ലയ്ക്കുവേണ്ടി 19.05 കോടി രൂപയും വയനാട് ജില്ലയ്ക്ക് 10.15 കോടി രൂപയും അനുവദിച്ചു. അതിന്റെ ഉത്തരവ് 6-11-2014-ൽ തന്നെ സംസ്ഥാന ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്.

(34) പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതികൾ വെട്ടിക്കുറച്ച നടപടി

ശ്രീ. റ്റി.വി. രാജേഷ്: സർ, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് സമർപ്പിച്ച പ്ലസ് ടു സ്കൂൾ കോംപ്ലക്സ് പദ്ധതി വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 14 ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് രണ്ടാം ഘട്ടം പ്ലസ് ടു കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ ഫണ്ട് നൽകാമെന്ന് ഉറപ്പുനൽകിയിരുന്നു. ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ കെ.എം. ഷാജി, കെ. കെ.നാരായണൻ, സി. കൃഷ്ണൻ, ബഹുമാന്യനായ മന്ത്രി എന്നിവരുടെ മണ്ഡലത്തിലെ സ്കൂളുകളാണ് ഇപ്പോൾ ഈ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടത്. ഹയർ സെക്കന്ററി കോംപ്ലക്സ് കേരളത്തിനുതന്നെ മാതൃകയാണ്. ബഹുമാന്യനായ കെ. കെ. നാരായണൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോഴാണ് ഹയർ സെക്കന്ററി കോംപ്ലക്സ് നമുക്ക് അനുവദിച്ചുകിട്ടിയത്. അതുകൊണ്ട് നാല് സ്കൂളിന് ലഭിച്ചിരുന്നു. ബാക്കി പത്ത് സ്കൂളുകളെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പിന് ലഭിച്ച ആകെ തുക 60 കോടിയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്ത് തന്നെ 38.36 കോടി

LIBRARY ARCHIVES Kerala Legislative Assembly